**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2663** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; വിശദാംശം അറിയിക്കാമോ? | (എ) | ഇരിക്കൂർ മണ്ഡലത്തിൽ തിമിരി വില്ലേജിൽ 110 കെ വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 17.1.2020 ൽ 20.87 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി തിമിരി വില്ലേജിൽ തളിപ്പറമ്പ് താലൂക്കിൽ, റീസർവ്വേ നമ്പർ 100/2624, 100/2625, 100/2626, 100/2627 എന്നിവയിൽപ്പെട്ട 150 സെന്റ് സ്ഥലം LARR ACT പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയതിനെതുടർന്ന്, ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ ഭാഗമായി സാമൂഹികാഘാതപഠന സംഘം സ്ഥലം സന്ദർശിക്കുകയുണ്ടായി. ആയതിന്റെ അനുകൂല റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കുന്ന തുടർനടപടികളുമായി മുന്നോട്ട് പോകുന്നതാണെന്ന് KSEBL അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ